# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.699** — **11.07.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പി.ഡബ്ല്യൂ.ഡി റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യൂ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ പി.ഡബ്ല്യൂ.ഡി റോഡിൽക്കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനായി 2000 മുതൽ ഈ കാലയളവുവരെ ഏതൊക്കെ ടെലികോം ഓപ്പറേറ്റർമാരുമായിട്ടാണ് ഗവൺമെന്റ് കരാറിൽ (റോ, റൈറ്റ് ഓഫ് വേ) ഏർപ്പെട്ടിട്ടുള്ളത്; എന്തൊക്കെയാണ് വ്യവസ്ഥകൾ; | എ) കേരളത്തിൽ പി.ഡബ്ല്യൂ.ഡി റോഡിൽക്കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനായി 2000 മുതൽ ഈ കാലയളവുവരെ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ടെലികോം ഓപ്പറേറ്റർമാരുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. സംസ്ഥാനത്തെ ദേശീയപാതകൾ ഉൾപ്പെടെയുള്ള റോഡുകളിൽ ഒ.എഫ്.സി കേബിൾ ഇടുന്നതിന് കാലാകാലങ്ങളിൽ താഴെ പറയുന്ന ഉത്തരവുകൾ പ്രകാരം വ്യവസ്ഥകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. സ ഉ (എം എസ്) നം.18/2000/വി സ വ തീയതി 08.11.2000.<br>2. സ ഉ (എം എസ്) നം.02/2001/വി സ വ തീയതി 20.01.2001.<br>3. സ ഉ (എം എസ്) നം.16/2010/വി സ വ തീയതി 30.04.2010.<br>4. സ ഉ (എം എസ്) നം.39/2015/വി സ വ തീയതി 15.09.2015.<br>5. സ ഉ (എം എസ്) നം.07/2016/വി സ വ തീയതി 08.02.2016.<br>ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| ബി) ഓരോ കമ്പനിയും എത്ര കിലോമീറ്റർ ദൂരം വീതം കേബിൾ ഇട്ടിട്ടുണ്ട്; | ബി) ദേശീയപാത വിഭാഗത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇട്ടിട്ടുള്ള ടെലികോം ഓപ്പറേറ്റർമാരുടെ വിവരങ്ങൾ അനുബന്ധം III ആയും കെ എസ് റ്റി പി റോഡിൽ കേബിൾ ഇട്ടിട്ടുള്ള കമ്പനികളുടെ വിവരങ്ങൾ അനുബന്ധം IV ആയും നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളിൽ കേബിൾ ഇട്ടിട്ടുള്ള കമ്പനികളുടെ വിവരങ്ങൾ അനുബന്ധം V ആയും ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | കെ ആർ എഫ് ബി യുടെ കീഴിൽ വരുന്ന റോഡുകളിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ഏകദേശം 26.67 കി മീ ഉം ലാർസൻ & ടൂ ബ്രോക്ക് 7.95 കി മീ നീളത്തിൽ റോഡു കുഴിച്ച് കേബിൾ സ്ഥാപിച്ചിട്ടുണ്ട്. |
| സി) | കേബിൾഇടുന്നതിനുള്ള അഡീഷണൽ കുഴലുകൾ മാത്രമായി ഏതൊക്കെ കമ്പനികൾ ഇട്ടിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം രേഖകളാണ് സർക്കാറിന്റെ പക്കൽ ഉള്ളത്; വ്യക്തമാക്കുമോ; | സി) | ഒരു കമ്പനിയും അഡീഷണൽ കുഴലുകൾ മാത്രമായി ഇട്ടിട്ടില്ല. |
| ഡി) | പി.ഡബ്ല്യ.ഡി റോഡിൽക്കൂടി കേബിൾ ഇടുന്നതിനായി നിശ്ചയിക്കപ്പെട്ട വാടക എത്രയാണ്; വാടക ഇനത്തിൽ സർക്കാരിലേക്ക് എത്ര തുക ലഭിച്ചിട്ടുണ്ട്; | ഡി) | കേന്ദ്രമന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം ടെലികമ്മ്യൂണിക്കേഷൻ സർവ്വീസ് ദാതാക്കൾക്ക് സൗജന്യമായി ദേശീയപാതയോരങ്ങളിൽ, വിവിധ സർക്കുലറുകളിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾക്കു വിധേയമായി അനുമതി കൊടുക്കുന്നതാണ്. കേബിളിടുന്നതിനുള്ള ട്രെഞ്ച് കട്ടിംഗും അതിന്റെ റെസ്റ്റോറേഷൻ ടെലികമ്മ്യൂണിക്കേഷൻ സർവ്വീസ് ദാതാവ് ചെയ്യേണ്ടതാകുന്നു. ഇതിന്റെ ഗ്യാരണ്ടിയായി മീറ്ററിന് 100 രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി നൽകേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളിൽ കേബിളിനു വേണ്ടി കുഴിച്ച ഭാഗം പുനർനിർമ്മിക്കുന്നതിനായി ആവശ്യമുള്ള തുക (റെസ്റ്റോറേഷൻ ചാർജ്ജ്) മാത്രമേ ഈടാക്കുന്നുള്ളൂ. |
| ഇ) | സർക്കാരുമായിട്ടുള്ള വ്യവസ്ഥകൾ പാലിച്ചാണോ കമ്പനികൾ കേബിൾ സ്ഥാപിച്ചിട്ടുള്ളത്; എത്ര കിലോമീറ്റർ കേബിൾ അനധികൃതമായി സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | ഇ) | സർക്കാരുമായിട്ടുള്ള വ്യവസ്ഥകൾ പാലിച്ചാണ് കമ്പനികൾ കേബിളുകൾ സ്ഥാപിച്ചിട്ടുള്ളത്. ദേശീയപാത കൊല്ലം ഡിവിഷന്റെ കീഴിൽ വരുന്ന പുനലൂർ മുതൽ ചെങ്കോട്ട വരെയുള്ള ഭാഗത്ത് 7 കി.മീ നീളത്തിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് അനധികൃതമായി കേബിൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്